# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## അടിസ്ഥാനപാഠാവലി

**ക്ലാസ് : 5** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

---

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **4, 5** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**(1)** **വായിക്കാം എഴുതാം**

നാടൻ പന്തുകളി: തുകൽകൊണ്ട് ഉണ്ടാക്കിയ പന്ത് എണ്ണം പറഞ്ഞ്, കൈകൊണ്ട് വെട്ടിയും കാൽകൊണ്ട് അടിച്ചും കളിക്കുന്ന കളിയാണ് നാടൻ പന്തുകളി. പന്ത് എതിർ ടീമിന്റെ അതിർത്തിക്കപ്പുറത്തേക്ക് അടിച്ചു കളഞ്ഞാണ് എണ്ണം അഥവാ പോയിന്റ് നേടുന്നത്. നാട്ടിൻപുറത്തെ ഗ്രൗണ്ടുകളിലും കൊയ്ത്തൊഴിഞ്ഞ പാടത്തും നാട്ടുവഴികളിലും മറ്റുമായാണ് ഇതു കളിക്കുക. പ്രത്യേക ആകൃതിയിലുള്ള പന്താണ് ഈ കളിക്കുപയോഗിക്കുന്നത്. കുട്ടികൾ കളിക്കുമ്പോൾ പലപ്പോഴും തുണിപ്പന്താവും ഉപയോഗിക്കുക. നീളത്തിൽ കീറിയ തുണി വട്ടത്തിൽ ചുറ്റി, ഓരോ ചുറ്റിലും റബ്ബർപാലിൽ മുക്കി ഒട്ടിച്ചാണ് ഇതിനാവശ്യമായ പന്ത് തയ്യാർ ചെയ്യുന്നത്. നനവോടെ തന്നെ പന്ത് മൺതരികളിൽ ഇട്ടുരുട്ടി ബലം നൽകും. അതേ സമയം മത്സരങ്ങളിലും മറ്റും രണ്ടു പകുതിയായി കൂട്ടിത്തയ്ക്കുന്ന തോൽപ്പന്താണ് ഉപയോഗിക്കുന്നത്. ഓലപ്പന്ത് ഉപയോഗിച്ചു കളിക്കുന്ന തലപ്പന്തുകളിയിൽ നിന്നും വ്യത്യസ്തമാണ് ഈ കളി. ഓലപ്പന്തിനെ അപേക്ഷിച്ച് ഉറപ്പുള്ള പന്താണ് ഇതിൽ ഉപയോഗിക്കുന്നത്. കായികാധ്വാനവും അതിനേക്കാൾ ഏറും.

a) നാടൻ പന്തുകളിയുടെ കളിരീതി.

© State Assessment Cell - SCERT Kerala

**A.** പന്ത് കൈകൊണ്ട് വെട്ടിയും കാൽ കൊണ്ട് അടിച്ചും കളിക്കുന്നു.

**B.** പന്തു ഉയരത്തിൽ എറിഞ്ഞു കളിക്കുന്നു.

**C.** പന്ത് ഒളിപ്പിച്ചുവെച്ച് കളിക്കുന്നു.

**D.** പന്ത് തറയിൽ കറക്കി കളിക്കുന്നു.

b) നാടൻ പന്തുകളി സാധാരണ കാണുന്ന ഇടങ്ങൾ.

**A.** നാട്ടിൽ പുറത്തെ ഗ്രൗണ്ടുകളിലും ടർഫുകളിലും

**B.** കൊയ്ത്തൊഴിഞ്ഞ പാടത്തും നാട്ടുവഴികളിലും

**C.** ടെന്നീസ് കോർട്ടുകളിലും ഇൻഡോർ സ്റ്റേഡിയങ്ങളിലും

**D.** വീട്ടുമുറ്റങ്ങളിലും പുരയിടങ്ങളിലും

c) നാടൻ പന്തുകളിയിൽ ഉപയോഗിക്കുന്ന പന്തുകളുടെ പ്രത്യേകത.

**A.** പരമ്പരാഗതമായി ഉപയോഗിക്കുന്നു.

**B.** സൂക്ഷ്മതയോടെ നിർമ്മിച്ചെടുക്കുന്നു.

**C.** കടകളിൽ നിന്നും വാങ്ങുന്നു.

**D.** വീടുകളിൽ നിന്നും ശേഖരിക്കുന്നു.

d) നാടൻ പന്തുകളിയെ സംബന്ധിച്ച് ശരിയായ പ്രസ്താവന.

**A.** കൃത്യതയും കൂട്ടായ്മയും കായിക അധ്വാനവും ആവശ്യമുള്ള കളി.

**B.** ധാരാളം പന്തുകൾ കൊണ്ടു കളിക്കുന്ന കളി.

**C.** കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം കളി രീതികൾ ഉള്ള കളി.

**D.** പന്തുകളി നിയമപരമായി അനുവദനീയമല്ല.

**(2)**

a) **കളിയനുഭവം**

കായികമേളയിൽ വിജയിച്ച തകാഹാഷിയുടെയും പന്തു കളിക്കാൻ എത്തിയ പെൺകുട്ടിയുടെയും അനുഭവങ്ങൾ നിങ്ങൾ പരിചയപ്പെട്ടില്ലേ. കളിയുമായി ബന്ധപ്പെട്ട് നിങ്ങൾക്കുണ്ടായ അനുഭവം കുറിപ്പായി എഴുതുക.

b) **ശരിയായ പ്രസ്താവന ഏത്.**

മൈതാനത്ത് പ്രകാശൻ പറയുന്നതാണ് നിയമം. പിടിക്കാവുന്ന ഒന്നുരണ്ടു പന്തുകൾ ഞാൻ മനഃപൂർവം വിട്ടു കളഞ്ഞു. പന്ത് വിട്ടുകളയാൻ കാരണമായി പരിഗണിക്കാവുന്ന പ്രസ്താവനകൾ ഏത്.

© State Assessment Cell - SCERT Kerala

i. പ്രകാശനാണ് പന്തു കളിയുടെ നിയമം പറയുന്നത്.

ii. മഞ്ഞയ്ക്ക് പന്ത് കയറി കളിക്കാൻ ഇഷ്ടമാണ്.

iii. പന്ത് കളിയുടെ ഗോളിയാകാൻ മഞ്ഞയ്ക്ക് താല്പര്യമുണ്ട്.

iv. പന്ത് കളിയ്ക്ക് കൂട്ടുകാർ കുറവാണ്.

**A.** i മാത്രം ii ശരി

**B.** ii ഉം iii ഉം ശരി

**C.** iii ഉം iv ഉം ശരി

**D.** i ഉം iv ഉം ശരി

c) **കാര്യകാരണം പരിശോധിച്ചു യോജിച്ചവ കണ്ടെത്തുക**

കാര്യം: ഒരു വീരനായകന്റെ അഭിമാനത്തോടെയും സന്തോഷത്തോടെയുമാണ് തകാഹാഷി സമ്മാനങ്ങൾ സ്വീകരിക്കാൻ എത്തിയത്.

കാരണം: എല്ലാത്തിനും ഒന്നാമതായതിനാൽ ധാരാളം സമ്മാനങ്ങൾ കിട്ടി.

**A.** കാര്യവും കാരണവും പൂർണമായും ശരി

**B.** കാര്യവും കാരണവും പൂർണമായും തെറ്റ്

**C.** കാര്യം ശരി കാരണം തെറ്റ്

**D.** കാര്യം തെറ്റ് കാരണം ശരി

**(3)** **ഡയറിക്കുറിപ്പ്**

കായികമേളയിൽ ഒന്നാമത് എത്തിയ തകാഹാഷിയെ ഓർക്കുന്നില്ലേ. ധാരാളം സമ്മാനങ്ങളും മത്സരങ്ങൾ നിന്ന് അവനു കിട്ടി. തകാഹാഷി കായിക മേളയിൽ സമ്മാനം കിട്ടിയ ദിവസം എഴുതാൻ ഇടയുള്ള ഡയറിക്കുറിപ്പ് തയ്യാറാക്കുക.

**(4) താരതമ്യക്കുറിപ്പ് അല്ലെങ്കിൽ അഭിപ്രായക്കുറിപ്പ്**

**4(A)** **താരതമ്യക്കുറിപ്പ്**

"എന്റെ അമ്മ ആഗ്രഹിച്ചത് അമ്മ നേടിയെടുത്തു. സുമംഗലക്കും അതിനൊക്കെ കഴിയേണ്ടതാണ്."

ഇഷ്ടപ്പെടുന്നത് ചെയ്യാൻ പരിശ്രമിക്കുന്ന അമ്മയുടെയും സുമംഗലയുടെയും സാഹചര്യങ്ങൾ വിലയിരുത്തി **താരതമ്യക്കുറിപ്പ്** തയ്യാറാക്കുക

**അല്ലെങ്കിൽ**

**4(B)** **അഭിപ്രായക്കുറിപ്പ്**

മൈതാനത്ത് ഫുട്ബോൾ കളിക്കാൻ വന്ന സുമംഗല നേരിട്ടത് സന്തോഷകരമായ അനുഭവമല്ലെന്ന് നിങ്ങൾക്കറിയാം. വീട്ടിലും

© State Assessment Cell - SCERT Kerala

പൊതുഇടങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യതയാണ് വേണ്ടത്. **അഭിപ്രായക്കുറുപ്പ്** തയ്യാറാക്കുക.

**(5) പോസ്റ്റർ അല്ലെങ്കിൽ നോട്ടീസ്**

**5(A) പോസ്റ്റർ**

സ്കൂൾ കായിക ക്ലബിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വനിത ഫുട്ബോൾ മത്സരത്തിന്റെ **പോസ്റ്റർ തയ്യാറാക്കിയാലോ.** തലക്കെട്ട്, തീയതി, സ്ഥലം, പശ്ചാത്തല ചിത്രം എന്നിവ ഉൾപ്പെടുത്തണം.

**അല്ലെങ്കിൽ**

**5(B) നോട്ടീസ്**

ടോമോയിലെ രസകരമായ കായികമേള പരിചയപ്പെട്ടല്ലോ. നിങ്ങളുടെ വിദ്യാലയത്തിലെ കായികമേളയുടെ **നോട്ടീസ് തയ്യാറാക്കാം.** ഉദ്ഘാടനം, അതിഥികൾ, മത്സരയിനങ്ങൾ, സമ്മാനദാനം എന്നിവ ഉൾപ്പെടുത്തണം.

**(6) തത്സമയ വിവരണം**

കളിക്കാരുടെ വേഗതയും കാണികളുടെ ആരവവും പങ്കുവക്കുന്ന കളിയുടെ വിവരണം ആവേശകരമാണ്. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു മത്സരത്തിന്റെ തത്സമയ വിവരണം അവതരിപ്പിക്കുക.

© State Assessment Cell - SCERT Kerala